## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.236 10.12.2014-ൽ മറുപടിയ്ക്ക്

### അവയവദാനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) അവയവദാനം സംബന്ധിച്ച നിലവിലുള്ള നിയമവ്യവസ്ഥകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ? | (എ) ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ 1994-ലെ മനുഷ്യ അവയവങ്ങളുടെ മാറ്റിവയ്ക്കൽ ആക്റ്റ്, 2011-ലെ മനുഷ്യ അവയവങ്ങളുടെയും കലകളുടെയും മാറ്റിവയ്ക്കൽ (ഭേദഗതി) ആക്റ്റ്, എന്നിവ അനുശാസിക്കുന്ന പ്രകാരമാണ് സംസ്ഥാനത്ത് അവയവദാനപ്രക്രിയ നടത്തി വരുന്നത്. |
| (ബി) അവയവദാനമേൽനോട്ട സമിതിയുടെ ഘടനയും പ്രവർത്തനരീതിയും വ്യക്തമാക്കാമോ; | (ബി) അവയവദാന നടപടിക്രമങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ ആരോഗ്യകുടുംബക്ഷേമവകുപ്പ് സെക്രട്ടറി ചെയർമാനായും, മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ, ആരോഗ്യവകുപ്പ് ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളായിട്ടുമുള്ള സംസ്ഥാനതല ആതറൈസേഷൻ കമ്മിറ്റിയും, പ്രാദേശികതലത്തിൽ 5 സർക്കാർ മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് അതാത് മെഡിക്കൽ കോളേജുകളുടെ പ്രിൻസിപ്പൽ ചെയർമാനായിട്ടുള്ള ജില്ലാതല ആതറൈസേഷൻ |

| | |
|---|---|
| | കമ്മിറ്റികളും പ്രവർത്തിച്ചുവരുന്നു. 1994-ലെ മനുഷ്യ അവയവങ്ങളുടെ മാറ്റിവയ്ക്കൽ ആക്റ്റിലെ പ്രധാന പരിഗണനാ വിഷയമായ മനുഷ്യാവയവങ്ങളുടെ വ്യാപാരം തടയൽ മുഖ്യലക്ഷ്യമാക്കിയാണ് പ്രസ്തുത കമ്മിറ്റികൾ പ്രവർത്തിക്കുന്നത്. അടുത്ത ബന്ധുക്കൾ അല്ലാത്തവർ തമ്മിലുള്ള അവയവദാനം മാത്രമാണ് ഈ കമ്മിറ്റിയുടെ പരിഗണനക്ക് വരുന്നത്. |
| (സി) സമിതി തീരുമാനങ്ങൾക്ക് കാലതാമസം വരുന്നത് ഈ പദ്ധതിയുടെ ഗുണഫലത്തെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാരനടപടികൾ സ്വീകരിക്കുമോ? | (സി) ആതറൈസേഷൻ കമ്മിറ്റി മുൻപാകെ ഉണ്ടാകാവുന്ന കാലതാമസം ഒഴിവാക്കാനാണ് മേഖലാ തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. അവയവദാനരംഗത്തെ നടപടിക്രമങ്ങൾ സുതാര്യവും, അഴിമതിരഹിതവും കച്ചവടതാത്പര്യങ്ങൾക്ക് അതീതവുമായി നിലനിർത്തുന്നതിന് വേണ്ടിയാണ് പ്രസ്തുത സമിതികൾ രൂപീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ ഈ മേഖലയിലെ സുതാര്യവും, കച്ചവട രാഹിത്യവും ഉറപ്പുവരുത്തുന്നതിനായി ജില്ലാ തലത്തിലും സംസ്ഥാനതലത്തിലുമുള്ള ആതറൈസേഷൻ കമ്മിറ്റികൾ അത്യന്താപേക്ഷിതമാണ് |

സെക്ഷൻ ഓഫീസർ